**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല – പെരുമണ്ണ ഗ്രാമപഞ്ചായത്ത് - ഇ.എം.എസ് സ്കൂൾ കെട്ടിട വാടക കുടിശ്ശിക – കോടതി വിധി പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2821/2018/തസ്വഭവ  തിരുവനന്തപുരം, തീയതി, 02/11/2018

---

പരാമർശം:- 1. 27.11.2007 തീയതിയിലുള്ള സ.ഉ.(എം.എസ്)നമ്പർ 202/07/ജനറൽ എഡ്യൂ.

2. കോഴിക്കോട് മുൻസിഫ് 1 കോടതി 15.03.2017 ൽ O.S 380/16 മേൽ പുറപ്പെടുവിച്ച വിധിന്യായം

3. കോഴിക്കോട് മുനിസിഫ് 11(P) കോടതിയിൽ 93/2018 നമ്പറായി സമർപ്പിച്ചിട്ടുള്ള ഇ.പി.

4. പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 16/07/2018, 22/09/2018 തീയതികളിലെ എ 2-2510/16 നമ്പർ കത്ത്.

**ഉത്തരവ്**

പെരുമണ്ണ ഗ്രാമ പഞ്ചായത്തിൽ അനുവദിച്ച ഹൈസ്കൂൾ 01/10/2010 മുതൽ ശ്രീ.പി.മുഹമ്മദ്കോയ പറമ്പിൽ പീടിക എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പി.ഡബ്ല്യു.ഡി നിശ്ചയിച്ച 20,135/- രൂപ വാടകയിൽ പ്രവർത്തിക്കുയായിരുന്നെന്നും, ടി കെട്ടിടത്തിൽ സ്കൂൾ പ്രവർത്തിച്ചതിനുള്ള വാടക കുടിശ്ശിക തുക അനുവദിച്ച് തരണമെന്ന് കാണിച്ച് കൊണ്ട് കെട്ടിട ഉടമ സമർപ്പിച്ച ഒന്നാം ഘട്ട കേസ് പ്രകാരം വിധിയായ തുക 10,01,832/- രൂപ കെട്ടിട ഉടമയ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണെന്നും, രണ്ടാം ഘട്ടത്തിൽ ബാക്കി ലഭിക്കാനുള്ള വാടകതുകയ്ക്കായി ഫയൽ ചെയ്ത കേസിൽ പരാമർശം 2 ലെ വിധിന്യായപ്രകാരം വാടക കുടിശ്ശികയായ 6,17,035/- രൂപയും 10/3/2016 മുതൽ 1/3/2018 വരെ പ്രതി വർഷം 6% നിരക്കിൽ പലിശ തുക 61,489/- രൂപയും ചേർത്ത് മൊത്തത്തിൽ 6,78,524/- രൂപ കെട്ടിട ഉടമയ്ക്ക് നൽകുന്നതിന് ഉത്തരവായിട്ടുണ്ടെന്നും, തുടർന്ന് തുക ലഭിക്കുന്നതിനായി കെട്ടിട ഉടമ ഫയൽ ചെയ്തിട്ടുള്ള ഇ.പി പ്രകാരം വാടക കുടിശ്ശികയിനത്തിലും, പലിശയിനത്തിലുമായി 6,78,524/- രൂപയും കോടതി ചെലവിനത്തിൽ 31,068/- രൂപയും ചേർത്ത് ആകെ 7,09,592/- രൂപ അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്നും, കോടതി വിധി നടപ്പാക്കുന്നതിനും പഞ്ചായത്തിനെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുന്നതിനുമായി പ്രസ്തുത തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി ലഭ്യമാക്കണമെന്നും പരാമർശ കത്ത് പ്രകാരം പെരുമണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പെരുമണ്ണ ഗ്രാമ പഞ്ചായത്തിലെ ഇ.എം.എസ്. സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിട വാടക കുടിശ്ശികയും പലിശയും കോടതിചെലവും ചേർത്ത് കെട്ടിട ഉടമയ് നൽകാനുള്ള 7,09,592/- (ഏഴ് ലക്ഷത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) പെരുമണ്ണ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ.ജെ

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

പ്രസിഡന്റ്/സെക്രട്ടറി, പെരുമണ്ണ ഗ്രാമപഞ്ചായത്ത്, പെരുമണ്ണ പി.ഒ, കോഴിക്കോട് - 673019

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ